മത്സ്യത്തൊഴിലാളി പെൻഷൻ

88 (1189) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളിപെൻഷൻ ഇപ്പോൾ എത്ര മാസത്തെ കുടിശ്ശിക ഉണ്ട് ;

(ബി) ഇത്രയധികം കുടിശ്ശിക വരുവാനുള്ള കാരണമെന്ത് ;

(സി) മത്സ്യത്തിന്റെ ദൗർലഭ്യം കാരണം പട്ടിണിനേരിടുന്ന മത്സ്യത്തൊഴിലാളികൾക്ക് കുടിശ്ശികസഹിതം മുഴുവൻ പെൻഷനും കൊടുത്തുതീർക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) 16 മാസത്തെ കുടിശ്ശിക ഉണ്ട്.

(ബി) മുൻഗവൺമെന്റിന്റെകാലത്ത് 21 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു. ആ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കാനും ഇപ്പോൾ നിലവിലുള്ള എല്ലാ ക്ഷേമപദ്ധതികളും നടപ്പാക്കാനും ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമല്ലാത്തതാണ് കുടിശ്ശിക വരാനുള്ള കാരണം.

(സി) ധനലഭ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി നടപടി

89 (1191) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് എന്ന് വിശദമാക്കാമോ ;

(ബി) സബ്സിഡി ഇനത്തിൽ നൽകിവരുന്ന എന്തെങ്കിലും ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) മത്സ്യത്തൊഴിൽ ഉപകരണങ്ങൾക്ക് ഇപ്പോൾ വിൽപന നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഏറെ ദോഷമുളവാക്കുന്ന വിധത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നികുതി നിർദ്ദേശം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും മത്സ്യമേഖലയുടെ വികസനത്തിനുമായി താഴെപ്പറയുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ മുഖേന നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly